## പതിമൂന്നാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 107

2015 നവംബർ-30ാം തീയതി മറുപടി നല്കേണ്ടത്

**സർക്കാർ കരാറുകാരുടെ കുടിശ്ശിക**

**ചോദ്യം** **ഉത്തരം**

ശ്രീ. കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

ശ്രീ. ഉമ്മൻ ചാണ്ടി
മുഖ്യമന്ത്രി

| ചോദ്യം | മറുപടി |
|---|---|
| എ). സർക്കാർ കരാറുകാരുടെ കുടിശ്ശിക 2015 ഡിസംബറിനകം പൂർണമായും കൊടുത്തു തീർക്കുമെന്ന് പ്രഖ്യാപിച്ചിരുന്നുവോ; എങ്കിൽ പ്രഖ്യാപനം നടപ്പിലാക്കുകയുണ്ടായോ; നിലവിലുള്ള മൊത്തം കുടിശ്ശികയുടെ കണക്കുകൾ വെളിപ്പെടുത്തുമോ; | സർക്കാർ കരാറുകാരുടെ ബിൽ കുടിശ്ശിക-സമയ ബന്ധിതമായി കൊടുത്തു തീർക്കുന്നതിനായി കോൺട്രാക്ടർമാരുടെ സംയുക്ത സമരസമിതിയുമായി 26.04.2015 ൽ ചർച്ച നടത്തുകയും അതനുസരിച്ച് അന്ന് നിലവിലുണ്ടായിരുന്ന പൊതുമരാമത്ത് നിരത്തു വിഭാഗം ഒഴികെയുള്ള വിഭാഗങ്ങളിലെ കുടിശ്ശിക 2015 ഡിസംബറിലും നിരത്തു വിഭാഗത്തിന്റെത് 2016 മാർച്ചിലും കൊടുത്തു തീർക്കാൻ ധാരണയായിട്ടുണ്ടായിരുന്നു. പ്രസ്തുത പ്രഖ്യാപനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി പൊതുമരാമത്ത് (നിരത്ത്, പാലം) വകുപ്പിലെ ഡിസംബർ 2014 വരെയുള്ള കുടിശ്ശിക ബില്ലുകൾ 2015 ഫെബ്രുവരി മാസത്തോടു കൂടിയും പൊതുമരാമത്ത് (കെട്ടിടം) വകുപ്പിലെ എപ്രിൽ 2015 വരെയുള്ള ബില്ലുകൾ ഫെബ്രുവരി 2016 മാസത്തോടു കൂടിയും ജലവിഭവ വകുപ്പിലെ ഫെബ്രുവരി 2015 വരെയുള്ള ബില്ലുകൾ ഫെബ്രുവരി 2016 മാസത്തോടുകൂടിയും കൊടുത്തു തീർക്കുന്നതിനുള്ള ലറ്റർ ഓഫ് ക്രഡിറ്റ് അനുവദിക്കുന്നതിനുള്ള സമയക്രമം നിശ്ചയിച്ചുകൊണ്ട് 16.09.2015 ലെ G.O.(Rt) No.8219/15/Fin. പ്രകാരം ഉത്തരവായിട്ടുണ്ട്. കൂടാതെ ബിൽ |

| | |
|---|---|
| | ഡിസ്കൗണ്ടിംഗ് സമ്പ്രദായ പ്രകാരം പ്രസ്തുത കാലയളവിലെ ബില്ലുകൾ കോൺട്രാക്ടർമാർക്ക് ഡിസ്കൗണ്ട് ചെയ്യാവുന്നതാണ്.<br>ഭരണ വകുപ്പിൽ നിന്നുള്ള നിർദ്ദേശങ്ങൾ അനുസരിച്ച് പൊതുമരാമത്ത് (നിരത്ത്, പാലം) വകുപ്പിൽ 01.08.2014 മുതൽ 30.06.2015 വരെ 1242.87 കോടിരൂപയുടെയും പൊതുമരാമത്ത് (കെട്ടിടം) വകുപ്പിൽ 01.01.2015 മുതൽ 31.07.2015 വരെ 271.97 കോടിരൂപയുടെയും ജലവിഭവവകുപ്പിൽ 01.11.2014 മുതൽ 31.05.2015 വരെ എല്ലാ വിഭാഗങ്ങളിൽ നിന്നും പൂർണ്ണമായി ലഭ്യമായ നിർദ്ദേശങ്ങൾ അനുസരിച്ച് 89.65 കോടി രൂപയുടെയും ഉൾപ്പെടെ ആകെ 1604.49 കോടി രൂപയുടെ കുടിശ്ശികയുണ്ട്. |
| ബി) ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം ഈ വർഷം സംസ്ഥാനത്തിന് കൂടുതൽ കേന്ദ്ര സഹായം കിട്ടിയിട്ടും കരാറുകാരുടെ കുടിശ്ശിക പൂർണമായും നൽകാതിരിക്കുന്നത് എന്തുകൊണ്ടാണ് എന്നു വ്യക്തമാക്കുമോ; | ധനകാര്യ വകുപ്പിൽ ലഭ്യമാകുന്ന നിർദ്ദേശം അനുസരിച്ച് കോൺട്രാക്ടർമാരുടെ ബില്ലുകളുടെ തുകയ്ക്കുള്ള ലറ്റർ ഓഫ് ക്രഡിറ്റ് അനുവദിക്കുന്നതിനുള്ള സത്വരമായ നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനുള്ള സമയക്രമം നിശ്ചയിച്ച് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത്തരത്തിൽ കുടിശ്ശിക തീർക്കുന്നതിന് കേന്ദ്രസഹായമായി ലഭിക്കുന്ന വരുമാനവും ഉപയോഗപ്പെടുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ